കൃഷിവികസന ആഫീസ് കെട്ടിടങ്ങളും ഡമോൺസ്ട്രേറ്റർ ഓഫീസ് കെട്ടിടങ്ങളും

1003. [1460] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രെയിനിംഗ് ആൻറ് വിസിറ്റ് പരിപാടിപ്രകാരം സംസ്ഥാനത്ത് എത്ര കൃഷിവികസന ഓഫീസ് കെട്ടിടങ്ങളും ഡമോൺസ്ട്രേറ്റർ ഓഫീസ് കെട്ടിടങ്ങളും പണിയുകയുണ്ടായിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ കണ്ണൂർ ജില്ലയിൽപ്പെട്ടവ എത്ര ;

(സി) കണ്ണൂർ ജില്ലയിൽ ഈ വിഭാഗത്തിൽ ഇനി എത്ര കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കാനുണ്ട് ?

ഉത്തരം

(എ) ട്രെയിനിംഗ് ആൻറ് വിസിറ്റ് പദ്ധതി പ്രകാരം കൃഷിവികസന ഓഫീസ് കെട്ടിടങ്ങളും ഡമോൺസ്ട്രേറ്റർമാർക്ക് ഓഫീസ് കെട്ടിടങ്ങളും പണിയുന്നതിന് പരിപാടിയില്ല. എന്നാൽ പ്രസ്തുത പരിപാടിയിൽ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ ഓഫീസർമാർക്കും അഗ്രികൾച്ചറൽ ഡമോൺസ്ട്രേറ്റർമാർക്കും താമസിക്കുന്നതിന് ഓഫീസ് കം റസിഡൻസുകൾ പണിയുന്നുണ്ട്. ഇതിൽ ആഫീസർമാർക്കുള്ള 87 കെട്ടിടങ്ങളും ഡെമോൺസ്ട്രേറ്റർമാർക്കുള്ള 347 കെട്ടിടങ്ങളും പണി പൂർത്തിയായിട്ടുണ്ട്.

(ബി) 46.

(സി) 12.

കേര കൃഷിക്കാർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ നൽകിയ വായ്പ

1004. [1461] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കേരകൃഷിക്കാർക്ക് കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എത്ര രൂപ മൊത്തം വായ്പ നൽകിയിട്ടുണ്ടെന്നും അവയുടെ ജില്ലതിരിച്ചുള്ള കണക്കുകൾ എത്രയാണെന്നും അറിയുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ സെപ്റ്റംബർ 30 വരെ കേരകൃഷിക്കാർക്ക് മൊത്തം എത്ര രൂപ വായ്പ നൽകിയിട്ടുണ്ടെന്നും അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ എന്താണെന്നും പറയാമോ ?

ഉത്തരം

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ കഴിഞ്ഞ 3 വർഷങ്ങളിലായി സംസ്ഥാനത്തെ കേര കൃഷിക്കാർക്ക് 326.65 ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. †

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly